**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്ത് - 2012-13 വർഷത്തിൽ ദർഘാസ് പരസ്യം നൽകിയ ഇനത്തിലുള്ള 10800/- രൂപയുടെ ചെലവിന് (ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2-പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയത് ) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.1844/16/തസ്വഭവ. തിരുവനന്തപുരം,തീയതി:04/06/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 01/12/2015-ലെ എം3-37364/15 നമ്പർ കത്ത്.

2) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 04/04/2016-ലെ കെ.എസ്.എ 298/പിറ്റി1/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച്, ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി 10,800/- (പത്തായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ ചെലവഴിച്ചത് ആഡിറ്റ് തടസ്സപ്പെടുത്തുകയും സർക്കാർ സാധൂകരണം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ടി വിഷയത്തിൽ സാധൂകരണം നൽകുന്നതിനായി 20-07-2015 ലെ 13(10)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിച്ചത് സംബന്ധിച്ച വിശദീകരണം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം (2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-2 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്ത് 2012-2013 വർഷത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ദർഘാസ് പരസ്യങ്ങൾ പൂർണ്ണ രൂപത്തിൽ നൽകിയ ഇനത്തിലുള്ള 10,800/- (പത്തായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയുടെ ചെലവിന്, ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുത് എന്ന താക്കീതോടെ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിദ്ധാർത്ഥൻ.എസ്,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം
സെക്രട്ടറി, ഞീഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ